# നന്ദിയുള്ളവരാകുക

## 1 തെസ്സലൊനികൃർ 5:18

**"എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ ഇതല്ലോ നിങ്ങളെ കുറിച്ച് ക്രിസ്തു യേശുവിൽ ദൈവേഷ്ടം."**

ഒരു ദൈവപൈതൽ ദൈവസന്നിധിയിൽ എപ്പോഴും എല്ലാറ്റിനെ കുറിച്ചും ദൈവത്തിനു നന്ദി കരേറ്റുന്നവൻ ആകണം എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അനുകൂലമായ സാഹചര്യങ്ങൾ ഉള്ളപ്പോഴോ പ്രാർഥനക്ക് ഉത്തരം ലഭിക്കുമ്പോൾ മാത്രമോ അല്ല, മറിച്ച് ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളുടെ മധ്യത്തിലും ദൈവത്തോട് സ്നേഹമുള്ളവരും, നന്ദിയുള്ളവരും ആയിരിക്കണം. കാരണം അവൻ നമുക്ക് തരുന്നതെല്ലാം നമ്മുടെ നന്മക്കായിട്ട് മാത്രമാണ്. ദൈവത്തെ ആഴത്തിൽ സ്നേഹിക്കുമ്പോൾ മാത്രമാണ് ഈ ഒരു അനുഭവം നമ്മിൽ ഉണ്ടാവുന്നത്. ദൈവത്തിന്റെ കരങ്ങളിൽ ഉപാധികളില്ലാതെ നമ്മെ സമർപ്പിക്കുമ്പോൾ മാത്രമാണ് നമ്മുടെ ജീവിതത്തിന്റെ പൂർണ്ണമായ നിയന്ത്രണം ദൈവം ഏറ്റെടുക്കുന്നത്. അപ്പോൾ ആകുലതക്കും അസ്വസ്ഥതകൾക്കും നമ്മുടെ ജീവിതത്തിൽ സ്ഥാനമുണ്ടാവില്ല. നമ്മുടെ ആവശ്യങ്ങളെ സ്തോത്രത്തോടെ ദൈവത്തിനു സമർപ്പിച്ച് നന്ദിയോടെ ആയിരിക്കുക എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. അപ്പോൾ അവൻ നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കും, സകല ബുദ്ധിയേയും കവിയുന്ന, ലോകത്തിനു തരാൻ കഴിയാത്ത, ദൈവീക സമാധാനം ഹൃദയങ്ങളിൽ നിറയ്ക്കും.

നന്ദിയുള്ളവരാകുക എന്ന് പറയുമ്പോൾ അത് വെറും അധര ജൽപനം മാത്രമാകരുത്. അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം നമ്മുടെ ജീവിതത്തിനു രൂപാന്തരമുണ്ടാക്കണം. ഈ ഒരു പുതുക്കപ്പെടലിന്റെ അനുഭവത്തിലൂടെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി ദൈവ സ്വഭാവത്തിനോട് അനുരൂപപ്പെട്ടവരാകുമ്പോൾ മാത്രമാണ് യഥാർഥമായ നന്ദി പ്രകാശിപ്പിക്കാൻ സാധിക്കുന്നത്. പിന്നീടൊരിക്കലും പഴയ കാല വീഴ്ച്ചകളിലേക്ക് ഒരു തിരിഞ്ഞുപോക്കില്ല. ദൈവത്തോട് ചേർന്ന് അന്ത്യത്തോളം ജീവിക്കുമ്പോൾ മാത്രമാണ് നാം ദൈവത്തോട് നന്ദിയുള്ളവരായി തീരുന്നത്. ഓരോ നിമിഷവും അവൻ നടത്തിയ വിധങ്ങളും, കരുതിയ കരുതലും നാം മറന്നു പോകരുത്. മറന്നു പോയാൽ അത് നമ്മെ സ്വയാശ്രയികളും, അഹങ്കാരികളും ആക്കി മാറ്റും. അപ്പോൾ നമ്മുടെ ജീവിതത്തിന്റെ മേൽ പിശാചിന് ആധിപത്യം ഉണ്ടാവും. അതു കൊണ്ട് എന്റെ ജീവിതത്തിൽ സംഭവിച്ച എല്ലാ കാര്യങ്ങൾക്കും ദൈവത്തിനു സ്തോത്രം കരേറ്റാൻ സാധിക്കണം. കാരണം ഇതെല്ലാം നമ്മുടെ നന്മയ്ക്കായി

മാറ്റുന്ന ഒരു ദൈവമാണ് നമ്മുടെ ദൈവം. അവനിൽ പൂർണ്ണമായി വിശ്വസിക്കാം, ആശ്രയിക്കാം, അഭയം പ്രാപിക്കാം. അതിനായി പരിശുദ്ധാത്മ സഹായം തേടാം.

**പരാമർശം:**

എഫേസ്യർ 5:20

**നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ.**

**സിസ്റ്റർ നിനു ബിനു ബേബി ആലപ്പുഴ 057**